### കുഞ്ഞികൃഷ്ണന്റെ പുസ്തകം നേരിന്റെ നേർക്കാഴ്ചയായി




# നേതൃത്വത്തെ അണികൾ തിരുത്തി തുടങ്ങി

പ്രദീപ് മേനോൻ

വി.കുഞ്ഞികൃഷ്ണന്റെ നേതൃത്വത്തെ അണികൾ തിരുത്തണം എന്ന പുസ്തകം സി.പി.എമ്മിൽ രാഷ്ട്രീയ ശുദ്ധീകരണത്തിന് പ്രചോദനമാകുമെന്നാണ് പാർട്ടിയെ സ്നേഹിക്കുന്നവർ വിലയിരുത്തുന്നത്. വിലക്കുകൾ ലംഘിച്ച് പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുത്തവൻ ജനാവലി നേതൃത്വത്തെ അണികൾ തിരുത്തി തുടങ്ങിയതിന്റെ സൂചനയുമായി. ഏറ്റവും ശരിയായ സമയത്ത് പുറത്തിറങ്ങിയ ഈ പുസ്തകം കമ്മ്യൂണിസ്റ്റ് ചരിത്രത്തിന്റെ സാക്ഷിപത്രമായാലും അത്ഭുതപ്പെടാനില്ല.

രാഷ്ട്രീയത്തിൽ നേതൃത്വത്തെ അണികൾ തിരുത്തുന്ന ഒരു കാലം വരുമെന്ന് ആരും പ്രതീക്ഷിച്ചതല്ല- പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മാർക്സിസ്റ്റ് പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ കണ്ണൂരിൽ തന്നെ ഇതിന് തുടക്കം കുറിച്ചു എന്നത് ചരിത്രത്തിന്റെ ഒരു നിയോഗം തന്നെയാകാം. രാഷ്ട്രീയത്തിലെ നവോത്ഥാനമെന്നോ അഴിമതിക്കെതിരായ വിപ്ളവമെന്നോ ഭാവിയിൽ ഇതിനെ ആരെങ്കിലും വിശേഷിപ്പിച്ചാലും അത്ഭുതപ്പെടാനില്ല. നവകേരള നിർമ്മിതിയിൽ ഇതൊരു നാഴികക്കല്ലാകുമെന്ന് പ്രത്യാശിക്കാം.

കണ്ണൂർ ജില്ലാ കമ്മറ്റി അംഗമായിരുന്ന വി. കുഞ്ഞുകൃഷ്ണന്റെ പുസ്തകമാണ് പാർട്ടിയിൽ പുതിയൊരു ഭൂകമ്പത്തിന് ഹേതുവായത്. നേരിന്റെ നേർകാഴ്ച എന്ന നിലയിലുള്ള സഖാവിന്റെ ആത്മാവിഷ്ക്കാരമാണ് ഈ പുസ്തകം. പ്രകാശന ചടങ്ങിൽ ചൂടപ്പം പോലെയാണ് പുസ്തകം വിറ്റഴിച്ചത്. സംസ്ഥാനത്തൊട്ടാകെ തന്നെ പുസ്തകത്തിന് വേണ്ടിയുള്ള മുറവിളികളാണ് ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. എന്തായാലും ഈ ഒരൊറ്റ പുസ്തകം മതി കുഞ്ഞികൃഷ്ണന്റെ ജീവിതം മാറാൻ.

**ആഹ്വാനം അവർ മനസ്സാവരിച്ചു എന്നാണ് പുസ്തക പ്രകാശനത്തിന് ശേഷമുള്ള പ്രതികരണങ്ങൾ വ്യക്തമാക്കുന്നത്. പൂച്ചയ്ക്ക് ആര് മണികെട്ടും എന്ന് സാമാന്യ സഖാക്കൾ ഉറക്കെ ചിന്തിക്കുമ്പോഴാണ് മുതിർന്ന നേതാവായ കുഞ്ഞികൃഷ്ണന്റെ തന്നെ മണികെട്ടിയത്. ഇനിയങ്ങോട്ട് നേതാക്കളുടെ തിരുത്തലുകളാകും കാണാൻ കഴിയുക. കാലം മാറി കഥമാറി എന്ന് നേതാക്കൾ തിരിച്ചറിഞ്ഞിട്ടുണ്ടാകണം. കുറ്റം ചെയ്തവർക്കെതിരെ നടപടി എടുക്കുന്നതിന് പകരം അത് ചൂണ്ടിക്കാണിച്ചയാൾക്കെതിരെ നടപടി വന്ന ഘട്ടത്തിലാണ് ജനങ്ങളോട് കാര്യങ്ങൾ തുറന്നു പറയുന്നതെന്ന് പുസ്തകത്തിൽ പറയുന്നു.**

നേതൃത്വത്തെ അണികൾ തിരുത്തണം എന്നതാണ് പുസ്തകത്തിന്റെ പേര് ഒരു ഗ്രന്ഥത്തിന്റെ പേര് എന്നതിനപ്പുറം സത്യസന്ധനും പരമ സാത്വികനുമായ ഒരുകമ്മ്യൂണിസ്റ്റ് നേതാവിന്റെ ആത്മാർത്ഥമായ ആഹ്വാനമായിട്ടാണ് സഖാക്കൾ ഈ ഗ്രന്ഥത്തെ കാണുന്നത്. ആഹ്വാനം അവർ മനസ്സാവരിച്ചു എന്നാണ് പുസ്തക പ്രകാശനത്തിന് ശേഷമുള്ള പ്രതികരണങ്ങൾ വ്യക്തമാക്കുന്നത്. പൂച്ചയ്ക്ക് ആര് മണികെട്ടും എന്ന് സാമാന്യ സഖാക്കൾ ഉറക്കെ ചിന്തിക്കുമ്പോഴാണ് മുതിർന്ന നേതാവായ കുഞ്ഞികൃഷ്ണന്റെ തന്നെ മണികെട്ടിയത്. ഇനിയങ്ങോട്ട് നേതാക്കളുടെ തിരുത്തലുകളാകും കാണാൻ കഴിയുക. കാലം മാറി കഥമാറി എന്ന് നേതാക്കൾ തിരിച്ചറിഞ്ഞിട്ടുണ്ടാകണം.

കുറ്റം ചെയ്തവർക്കെതിരെ നടപടി എടുക്കുന്നതിന് പകരം അത് ചൂണ്ടിക്കാണിച്ചയാൾക്കെതിരെ നടപടി വന്ന ഘട്ടത്തിലാണ് ജനങ്ങളോട് കാര്യങ്ങൾ തുറന്നു പറയുന്നതെന്ന് പുസ്തകത്തിൽ പറയുന്നു. ജനങ്ങളിൽ നിന്നും പിരിച്ച പണം കൈയിട്ടുവാരി എന്ന് ബോധ്യപ്പെട്ടാൽ എങ്ങനെയാണ് നോക്കി നിൽക്കുക.? രക്തസാക്ഷി ഫണ്ടിൽപ്പോലും കൃത്രിമം നടത്താൻ തയ്യാറായാൽ അതിനോട് എങ്ങനെ പൊരുത്തപ്പെടാനാകും? സത്യം ജനങ്ങളോടു പറയാൻ ഇങ്ങനെയൊരു മാർഗ്ഗം സ്വീകരിക്കുകയല്ലാതെ മറ്റ് വഴികളില്ല. സഖാക്കൾ തന്നോട് പൊറുക്കുക എന്നും കുഞ്ഞികൃഷ്ണൻ പറയുന്നു.

ധനരാജ് ഫണ്ട് കെട്ടിട നിർമ്മാണ ഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട് ഓരോ തവണ അവതരിപ്പിച്ച കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് എങ്ങനെയാണ് തട്ടിപ്പ് നടന്നതെന്ന് പുസ്തകത്തിൽ വ്യക്തമാക്കുന്നത്. പാർട്ടിക്കകത്തെ തെറ്റുകൾക്കെതിരെയും സധൈര്യം പോരാടിയ നേതാവാണ് വി.എസ്. അച്യുതാനന്ദൻ എന്നും പുസ്തകം വി.എസിന്റെ ജ്വലിക്കുന്ന സ്മരണകൾക്കുമുമ്പിൽ സമർപ്പിക്കുന്നു എന്നും കുറിച്ചുകൊണ്ടാണ് അവസാനിപ്പിച്ചിരിക്കുന്നത്.

പുസ്തകത്തിലെ ഉള്ളടക്കത്തിലെ ചില കാര്യങ്ങൾ നേരത്തെ തന്നെ പുറത്തുവന്നിരുന്നു. ടി.ഐ. മധുസൂദനൻ എം.എൽ.എ. ഏരിയാ സെക്രട്ടറിയായതുമുതലാണ് പാർട്ടിയെ കൈപ്പിടിയിലൊതുക്കാൻ ശ്രമം നടന്നതെന്ന് പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നു. പയ്യന്നൂരിലെ നേതൃത്വം താനാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള ബോധപൂർവമായ ശ്രം ടി. ഐ. മധുസൂദനൻ നടത്തി. ക്യാംപെയിൻ നടത്താൻ ആശ്രിതരെ സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി ചെറുഗ്രൂപ്പുകൾ പലയിടത്തും ഉണ്ടാക്കി. നവീകരണ സ്ഥാപനങ്ങളിലും മറ്റും തൊഴിൽ നൽകുമ്പോൾ ഇത് താൻ നൽകിയതാണ് അല്ലാതെ പാർട്ടിയല്ല എന്ന ബോധം വളർത്താൻ ശ്രമം നടന്നു. എതിർക്കുന്നവരോട് മരണം വരെ പകവച്ചു പുലർത്തുന്ന ആളാണ് മധുസൂദനൻ. ഞാനാണ് പാർട്ടി, ഞാൻ പറയുന്നതേ നടക്കൂ എന്ന മനോഭാവമാണ്. ഇക്കാര്യങ്ങൾ പാർട്ടിക്കകത്ത് ചോദ്യം ചെയ്തെങ്കിലും കാര്യമായ മാറ്റമുണ്ടായില്ലെന്നും പുസ്തകത്തിൽ പറയുന്നു.

തെരഞ്ഞെടുപ്പ് ഫണ്ട്, ധനരാജ് രക്തസാക്ഷിഫണ്ട്, ഏരിയാ കമ്മിറ്റി ഓഫീസ് തെരഞ്ഞെടുപ്പ് ഫണ്ട് എന്നിവയിൽ ക്രമക്കേട് നടത്തി. കെട്ടിട നിർമ്മാണത്തിനായി സഹകരണ ജീവനക്കാരിൽ നിന്നും പിരിച്ച 70 ലക്ഷം രൂപ കാണാനില്ലെന്നും കുഞ്ഞികൃഷ്ണൻ വെളിപ്പെടുത്തിയിരുന്നു.

പുസ്തക പ്രകാശന ചടങ്ങിൽ വൻജനാവലിയാണ് പങ്കെടുത്തത്. സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് കുഞ്ഞികൃഷ്ണൻ ഹൈക്കോടതിയെ സമീപിച്ചതിനെതുടർന്ന് കനത്ത പോലീസ് കാവലിലാണ് പ്രകാശനം നടന്നത്. ചടങ്ങിൽ ആളുകൾ പങ്കെടുക്കാതിരിക്കാൻ ആസൂത്രിതമായ ശ്രമം നടന്നെന്നും ചടങ്ങ് മാറ്റിവച്ചെന്ന് നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചെന്നും കുഞ്ഞികൃഷ്ണൻ ചടങ്ങിൽ ആരോപിച്ചു.

എന്റെ വീടിന് മുന്നിൽ പടക്കം പൊട്ടിച്ചു. പ്രസന്നന്റെ ബൈക്ക് കത്തിച്ചു. ഉന്നയിച്ച വിഷയങ്ങൾക്ക് മറുപടി ഇല്ലാത്തതുകൊണ്ടാണ് പ്രകോപനം സൃഷ്ടിക്കാനും അക്രമങ്ങൾ സംഘടിപ്പിക്കാനും ചിലർ മുന്നിട്ടിറങ്ങുന്നത്. എനിക്കെതിരെ നവമാധ്യമങ്ങളിൽ വൻ പ്രചാരവേല നടത്തുന്നു. സദസ്സിന് മുമ്പിൽ പറയാൻ പോലും പറ്റാത്ത വാക്കുകൾ ഉപയോഗിച്ചുകൊണ്ടുള്ള അശ്ലീല സന്ദേശങ്ങൾ അടക്കം പ്രചരിപ്പിച്ച് വ്യക്തിപരമായി തേജോവധം ചെയ്യുകയാണ്, കുഞ്ഞികൃഷ്ണൻ പറഞ്ഞു.

പാർട്ടിയുടെ വഴിയും സത്യത്തിന്റെ വഴിയും രണ്ടായത് എന്നാണെന്നും ആർക്ക് വേണ്ടിയാണെന്നും ചിന്തിക്കേണ്ട ചുമതല പാർട്ടിയെ സ്നേഹിക്കുന്ന എല്ലാവർക്കുമുണ്ടെന്ന് പുസ്തകം പ്രകാശനം ചെയ്ത രാഷ്ട്രീയ നിരീക്ഷകൻ ജോസഫ് സി. മാത്യു പറഞ്ഞു. പയ്യന്നൂർ ഗാന്ധിപാർക്കിൽ നിറഞ്ഞു കവിഞ്ഞ ജനാവലിയെ സാക്ഷിയാക്കിയായിരുന്നു പ്രകാശനം. പാർട്ടി വിലക്ക് ലംഘിച്ച് ചടങ്ങിൽ പങ്കെടുത്ത അണികൾ നേതാക്കളെ തിരുത്താൻ മുന്നിട്ടിറങ്ങിക്കഴിഞ്ഞു എന്ന സന്ദേശമാണ് ജനകൂട്ടം നൽകുന്നത്.